കേരള സർക്കാർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന റിപ്പോർട്ട്

2023-24

പടവയൽ നീർത്തടം മീനങ്ങാടി ഗ്രാമപഞ്ചായത്ത്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
ജില്ലാ ഓഫീസ് വയനാട്

കേരള സർക്കാർ

മണ്ണ് സംരക്ഷണ പദ്ധതി
വിലയിരുത്തൽ പഠനം
2023-2024

പടവയൽ നീർത്തടം
മീനങ്ങാടി ഗ്രാമപഞ്ചായത്ത്

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ജില്ലാ ഓഫിസ്,
വയനാട്

പടവയൽ നീർത്തട പദ്ധതി വിലയിരുത്തൽ പഠനം

വിവരശേഖരണ മേൽ നോട്ടം:

ശ്രീമതി ഷീന പി

(ഡെപ്യൂട്ടി ഡയറക്ടർ)

ശ്രീ. കെ. രാഘവൻ

(റിസർച്ച് ഓഫീസർ)

വിവര ശേഖരണം:

ശ്രീ. സുബ്രഹ്മണ്യൻ ഒ

(സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 1)

റിപ്പോർട്ട് തയ്യാറാക്കൽ:

ശ്രീ. രാകേഷ് കുമാർ കെ

(ഡെപ്യൂട്ടി ഡയറക്ടർ)

ശ്രീ. ഷിബു എൻ.ജെ

(റിസർച്ച് ഓഫീസർ)

ശ്രീ. പ്രസാദ് പി.

((റിസർച്ച് അസിസ്റ്റന്റ്))

ശ്രീ. സന്തോഷ് എ

(സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 1)

ഷൈലമ്മ കെ.
ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരണക്കണക്ക് വകുപ്പ്
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695 033
കേരളം
ഫോൺ ഓഫീസ് : 0471-2305318
മൊബൈൽ : 9447115318
ഇ-മെയിൽ : dgdir.des@kerala.gov.in
: ecostatdir@gmail.com
Website : www.ecostat.kerala.gov.in

തീയതി 06-08-2026

ഡയറക്ടറുടെ സന്ദേശം

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര വികസനവും ഇന്നത്തെ കാലഘട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളാണ്. മണ്ണും ജലവും നമ്മുടെ കാർഷിക മേഖലയുടെയും ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെയും അടിത്തറയായതിനാൽ അവയുടെ സംരക്ഷണത്തിനും കാര്യക്ഷമമായ വിനിയോഗത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇത്തരം പദ്ധതികളുടെ യഥാർത്ഥ ഫലപ്രാപ്തി വിലയിരുത്തുകയും ഭാവിയിലെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുകയും ചെയ്യുക എന്നത് അത്യന്താപേക്ഷിതമാണ്.

വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ **2020-21 ൽ MGNREGS ൽ** ഉൾപ്പെടുത്തി നടത്തിയ പടവയൽ നീർത്തടപദ്ധതിയുടെ വിവിധ ഘടകങ്ങളെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും വിശകലനം ചെയ്തിരിക്കുന്നു. ഗുണഭോക്തൃ സർവേ, സ്ഥിതിവിവരക്കണക്കുകൾ, പട്ടികകൾ, ഗ്രാഫുകൾ, പഠനവിശകലനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ സാമൂഹിക, സാമ്പത്തിക, കാർഷിക, പരിസ്ഥിതി സ്വാധീനങ്ങൾ സമഗ്രമായി അവതരിപ്പിച്ചിരിക്കുന്നു. ഈ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും ഭാവിയിൽ കൂടുതൽ ഫലപ്രദമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും പ്രയോജനപ്പെടുന്നതാണ്. നയരൂപീകരണത്തിനും പദ്ധതിനിർവഹണത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കും ഈ പ്രസിദ്ധീകരണം ഒരു വിലപ്പെട്ട അവലംബഗ്രന്ഥമായി മാറുന്നതാണ്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഈ പഠനം വിജയകരമായി പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കിയ ജില്ലയിലെ മുഴുവൻ വകുപ്പ് ഉദ്യോഗസ്ഥർക്കും എന്റെ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. ഈ വിലയിരുത്തൽ പഠന റിപ്പോർട്ട് മണ്ണ്-ജല സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും വികസന പ്രവർത്തകർക്കും ഉപകാരപ്രദമായ ഒരു മാർഗദർശിയായി മാറട്ടെയെന്ന് ആശംസിക്കുന്നു.

ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

ജില്ലാ ഓഫീസ് വയനാട് , ആസൂത്രണ ഭവൻ മൂന്നാം നില
സിവിൽ സ്റ്റേഷൻ കൽപ്പറ്റ 673122
ഫോൺ 04936 296253
ഇ മെയിൽ : ecostatwyd@gmail.com/ddwyd.des@kerala.gov.in

ശ്രീ. രാകേഷ് കുമാർ കെ
ഡെപ്യൂട്ടി ഡയറക്ടർ

അവതാരിക

മണ്ണും ജലവും മനുഷ്യജീവിതത്തിന്റെയും കാർഷിക വികസനത്തിന്റെയും അടിസ്ഥാന പ്രകൃതി വിഭവങ്ങളാണ്. ഈ വിഭവങ്ങളുടെ സംരക്ഷണവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുന്നതിനായി വിവിധ മണ്ണ്-ജല സംരക്ഷണ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികൾ കാർഷിക ഉൽപാദന വർധനയ്ക്കും ഭൂവിഭവ സംരക്ഷണത്തിനും ജലലഭ്യത മെച്ചപ്പെടുത്തുന്നതിനും ഗ്രാമീണ ജനങ്ങളുടെ സാമൂഹികസാമ്പത്തിക പുരോഗതിക്കും നിർണായകമായ പങ്കുവഹിക്കുന്നു.

ഈ റിപ്പോർട്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ 2020- 21 ൽ നടത്തിയ പടവയൽ നീർത്തടപദ്ധതിയുടെ ഗുണഭോക്താക്കളിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്രമായ മൂല്യനിർണയ പഠനമാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ, അവയുടെ നടപ്പാക്കൽ, ഗുണഭോക്താക്കളുടെ അനുഭവങ്ങൾ, കാർഷിക മേഖലയിലെ മാറ്റങ്ങൾ, ജലവിഭവങ്ങളിലും പരിസ്ഥിതിയിലുമുണ്ടായ സ്വാധീനങ്ങൾ, വരുമാനത്തിലും ഉപജീവനത്തിലും ഉണ്ടായ പുരോഗതി എന്നിവ ശാസ്ത്രീയമായ രീതിയിൽ വിശകലനം ചെയ്തിരിക്കുന്നു.

റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികകൾ, സ്ഥിതിവിവരക്കണക്കുകൾ, ഗ്രാഫുകൾ, പഠനവിശകലനങ്ങൾ എന്നിവ പദ്ധതിയുടെ ഫലപ്രാപ്തിയെ വ്യക്തമായി അവതരിപ്പിക്കുന്നു. പ്രധാന കണ്ടെത്തലുകളും നിർദേശങ്ങളും ഭാവിയിലെ മണ്ണ്-ജല സംരക്ഷണ പദ്ധതികളുടെ ആസൂത്രണത്തിനും നടപ്പാക്കലിനും വിലയിരുത്തലിനും പ്രയോജനകരമായ മാർഗനിർദേശങ്ങളാകുമെന്നാണ് പ്രതീക്ഷ.

കൽപ്പറ്റ
29.07.2026

ഡെപ്യൂട്ടി ഡയറക്ടർ

റിപ്പോർട്ടിന്റെ അധ്യായങ്ങൾ

അധ്യായം 1	ആമുഖം, പഠനലക്ഷ്യങ്ങൾ, പഠനരീതി	6
അധ്യായം 2	ഗുണഭോക്താക്കളുടെ സാമൂഹ്യസാമ്പത്തിക അവസ്ഥ	10
അധ്യായം 3	മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ	14
അധ്യായം 4	ഭൂവിനിയോഗം, ജലസേചനം, കാർഷിക വികസനം	18
അധ്യായം 5	ഗുണഭോക്താക്കളുടെ അഭിപ്രായങ്ങളും പദ്ധതിയുടെ ഫലപ്രാപ്തിയും	26
അധ്യായം 6	ജലവിഭവങ്ങളും പരിസ്ഥിതി സ്വാധീനവും	29
അധ്യായം 7	അനുബന്ധ തൊഴിലും വാർഷിക വരുമാനവും	34
അധ്യായം 8	പ്രധാന കണ്ടെത്തലുകൾ	37
അധ്യായം 9	ഉപസംഹാരം	40

അധ്യായം 1

ആമുഖം, പഠനലക്ഷ്യങ്ങൾ, പഠനരീതി

ആമുഖം

മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയെ അവയുടെ പ്രകൃതിപരമായ സമഗ്രതയിൽ സംരക്ഷിച്ചു മാത്രമേ സുസ്ഥിരമായ വികസനം കൈവരിക്കാനാവുകയുള്ളൂ. പ്രകൃതി വിഭവങ്ങളുടെ ലഭ്യതയും നിലനിൽപ്പും വികാസവുമെല്ലാം പ്രകൃതി ഘടകങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. വികസനത്തിന്റെ അടിസ്ഥാനവും പ്രകൃതിവിഭവങ്ങളാണ്. ഇവയുടെ സംരക്ഷണം. നീതിപൂർവമായ ഉപയോഗം എന്നിവ മാനവ വികസന പ്രവർത്തനങ്ങളിൽ വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ അമിത ചൂഷണം ഒഴിവാക്കിക്കൊണ്ട് പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയമായ പുനരുപയോഗവും പുനരുത്പാദനവും മുന്നിൽ കണ്ടുകൊണ്ടുള്ള സുസ്ഥിര വികസന കാഴ്ചപ്പാട് അനിവാര്യമാണ്.

സംസ്ഥാനത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പും, മറ്റ് വകുപ്പുകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം നിലയ്ക്കും, പൊതുജന പങ്കാളിത്തത്തോടെയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ അനന്തര ഫലങ്ങൾ മനസ്സിലാക്കുന്നതിനും ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുന്നതിനും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് മുഖേന ഇവയുടെ ശാസ്ത്രീയമായ വിലയിരുത്തൽ പഠനം നടത്തി വരുന്നു. വിലയിരുത്തൽ പഠനശേഷം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും റിപ്പോർട്ടുകൾ തയ്യാറാക്കി മണ്ണ് സംരക്ഷണ വകുപ്പിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നു. ഇത് വഴി പഠനവിധേയമാക്കിയ പദ്ധതികളിൽ തുടർ വികസനവും ഇതേ മാതൃകയിൽ മറ്റ് സംരക്ഷണ പ്രവർത്തികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ലക്ഷ്യമിടുന്നു.

സർവേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

- മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലം പദ്ധതി പ്രദേശത്തിന് ഉണ്ടായ പുരോഗതിയുടെ വിലയിരുത്തൽ.
- മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലമുള്ള ഭൂവിനിയോഗ മാറ്റത്തിന്റെ വിലയിരുത്തൽ.
- ഹ്രസ്വകാലദീർഘകാല വിളകളിൽ നിന്നും ലഭിക്കുന്ന ഉത്പാദനം, മൂല്യം ഇവയുടെ വിലയിരുത്തൽ.
- പദ്ധതിക്ക് ശേഷമുള്ള ജല ലഭ്യതയുടെ വിശകലനം.
- നടപ്പിലാക്കിയ പദ്ധതികളുടെ പരിപാലനത്തിന്റെ വിലയിരുത്തൽ.
- മണ്ണ് സംരക്ഷണ വകുപ്പ് മുഖേന അല്ലാതെ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ മനസ്സിലാക്കുക.
- പദ്ധതി പ്രദേശത്ത് നടത്താനുള്ള തുടർ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ചൂണ്ടിക്കാട്ടുക.

വിലയിരുത്തൽ പഠന കാലയളവ്

കാർഷിക വർഷം (ജൂലൈ-ജൂൺ) അടിസ്ഥാനമാക്കിയാണ് മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠനം നടത്തി വരുന്നത്.

METHODS OF SOIL CONSERVATON



പടവയൽ നീർത്തട പദ്ധതി

മണ്ണ് പ്രകൃതിയുടെ അമൂല്യമായ വിഭവമാണ്. കാർഷിക മേഖലയുടെയും പരിസ്ഥിതിയുടെയും സുസ്ഥിര വികസനത്തിന് മണ്ണിന്റെ സംരക്ഷണം അനിവാര്യമാണ്. മണ്ണൊലിപ്പ്, വനനശീകരണം, അമിതമായ ഭൂവിനിയോഗം, കാലാവസ്ഥാ വ്യതിയാനം എന്നിവ മൂലം മണ്ണിന്റെ ഗുണനിലവാരത്തിലും ഉൽപാദനക്ഷമതയിലും കുറവ് സംഭവിച്ചുവരുന്ന സാഹചര്യത്തിൽ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, മീനങ്ങാടി പഞ്ചയത്തിൽ സ്ഥിതി ചെയ്യുന്ന പടവയൽ നീർത്തടത്തിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിലയിരുത്തുക, നിലവിലുള്ള പ്രശ്നങ്ങൾ കണ്ടെത്തുക, സ്വീകരിച്ചിട്ടുള്ള സംരക്ഷണ മാർഗങ്ങളുടെ ഫലപ്രാപ്തി പരിശോധിക്കുക, ഭാവിയിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ സമർപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ സർവ്വേ നടത്തിയത്.

സർവ്വേയിലൂടെ ശേഖരിച്ച വിവരങ്ങൾ, പ്രാദേശിക ജനങ്ങളുടെ അഭിപ്രായങ്ങൾ, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. മീനങ്ങാടി പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനും കാർഷിക വികസനത്തിനും സുസ്ഥിര ഭൂവിനിയോഗത്തിനും ഈ റിപ്പോർട്ട് പ്രയോജനകരമാകുമെന്നാണ് പ്രതീക്ഷ.

പഠന പ്രദേശത്തിന്റെ വിവരണം

2023-24 വർഷത്തെ മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തലിന്റെ ഭാഗമായി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പടവയൽ നീർത്തട പദ്ധതിയെ ആസ്പദമാക്കിയാണ് നടത്തിയത്. 202021 കാലയളവിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) ഭാഗമായി നടപ്പിലാക്കിയ ഈ നീർത്തട പദ്ധതിയുടെ ആകെ വിസ്തൃതി 1392.08 ഏക്കറാണ്. പദ്ധതിയിൽ ആകെ 113 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്.

പഠന പ്രദേശം മലയോര ഭൂപ്രകൃതിയുള്ള പ്രദേശമാണ്. വനമണ്ണാണ് പ്രധാന മണ്ണിനം. ഈ ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും മണ്ണൊലിപ്പിനും ജലസംരക്ഷണത്തിനും പ്രത്യേക പ്രാധാന്യം നൽകേണ്ട സാഹചര്യം സൃഷ്ടിക്കുന്നതിനാൽ മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഈ പ്രദേശം ഏറെ അനുയോജ്യമാണ്.

പഠന പ്രദേശത്തെ ആകെ ജനസംഖ്യ 2,786 ആണ്. ഇതിൽ 1,384 സ്ത്രീകളും 1,402 പുരുഷന്മാരുമാണ്. സാമൂഹിക ഘടന പരിശോധിക്കുമ്പോൾ പട്ടികജാതിക്കാർ 48 പേരും പട്ടികവർഗ്ഗക്കാർ 470 പേരും മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ 2,268 പേരുമാണുള്ളത്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ ഭാഗമായി രണ്ട് അംഗൻവാടികളും ഒരു ലോവർ പ്രൈമറി സ്കൂളും ഒരു അപ്പർ പ്രൈമറി സ്കൂളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോളേജുകളും പ്രൊഫഷണൽ കോളേജുകളും സർക്കാർ ഓഫീസുകളും ഈ പ്രദേശത്തില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എട്ട് സർക്കാർ സ്ഥാപനങ്ങളും നാല് സ്വകാര്യ സ്ഥാപനങ്ങളും നാല് സർക്കാർ കുടിവെള്ള പദ്ധതികളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 20 വിവിധ സഹകരണ സംഘങ്ങളും 26 കുടുംബശ്രീ യൂണിറ്റുകളും പ്രദേശത്ത് സജീവമായി പ്രവർത്തിക്കുന്നു. പദ്ധതി പ്രദേശത്തിന് പുറത്തു താമസിക്കുന്നെങ്കിലും പദ്ധതി പ്രദേശത്തിനകത്ത് ഭൂമിയുള്ള അഞ്ച് ഗുണഭോക്താക്കൾ 4,860 സെന്റ് ഭൂമി കൈവശം വച്ചിട്ടുണ്ട്.

ജലവിഭവങ്ങളുടെ ലഭ്യത പരിശോധിക്കുമ്പോൾ 12 സ്വകാര്യ കുഴൽക്കിണറുകളും 440 സ്വകാര്യ കിണറുകളും എട്ട് സ്വകാര്യ കുളങ്ങളും എട്ട് പൊതു കിണറുകളും 14 മഴവെള്ള സംഭരണികളും പ്രദേശത്തുണ്ട്. കൃഷിയെയും ദൈനംദിന ജലാവശ്യങ്ങളെയും പിന്തുണയ്ക്കുന്നതിൽ ഈ ജലസ്രോതസ്സുകൾ പ്രധാന പങ്കുവഹിക്കുന്നു.

മൊത്തത്തിൽ, കാർഷിക പ്രാധാന്യമുള്ള മലയോര മേഖലയായ ഈ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ പ്രകൃതിവിഭവ സംരക്ഷണത്തിനും കാർഷിക ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും ഗ്രാമീണ ജീവിതോപാധി മെച്ചപ്പെടുത്തുന്നതിനും സുപ്രധാനമായ പങ്കുവഹിക്കുന്നതായി പഠന പ്രദേശത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്നു.

അധ്യായം 2

ഗുണഭോക്താക്കളുടെ സാമൂഹ്യസാമ്പത്തിക അവസ്ഥ

ആമുഖം

മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിൽ ഗുണഭോക്താക്കളുടെ സാമൂഹ്യസാമ്പത്തിക പശ്ചാത്തലത്തിന് നിർണായക സ്ഥാനമുണ്ട്. ഈ പഠനത്തിൽ ആകെ 115 ഗുണഭോക്താക്കളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹിക വിഭാഗം, സാമ്പത്തിക സ്ഥിതി, പ്രധാന തൊഴിൽ, അനുബന്ധ തൊഴിൽ, താമസസ്ഥിതി, പദ്ധതി നടപ്പാക്കൽ രീതി എന്നിവ വിശകലനം ചെയ്തിരിക്കുന്നു.

സാമൂഹികവും സാമ്പത്തികവുമായ ഘടന

സാമൂഹിക അവസ്ഥ

സാമൂഹിക വിഭാഗം	APL	BPL
പട്ടികജാതി	0	1
മറ്റുള്ളവർ	101	13
മറ്റുള്ളവ	0	0



പഠനത്തിൽ ഉൾപ്പെട്ട 115 ഗുണഭോക്താക്കളിൽ 101 പേർ (87.83%) APL വിഭാഗത്തിലും 14 പേർ (12.17%) BPL വിഭാഗത്തിലും ഉൾപ്പെടുന്നു. സാമൂഹിക വിഭാഗം പരിശോധിക്കുമ്പോൾ 114 പേർ (99.13%) പൊതുവിഭാഗത്തിൽപ്പെട്ടവരും ഗുണഭോക്താവ് (0.87%) പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ സർവേയിൽ രേഖപ്പെടുത്തിയിട്ടില്ല.

ഈ കണക്കുകൾ പ്രകാരം പദ്ധതി പ്രധാനമായും ഭൂമിയുടമസ്ഥതയുള്ള പൊതുവിഭാഗത്തിലും APL കുടുംബങ്ങളിലുമാണ് കൂടുതൽ വ്യാപിച്ചിരിക്കുന്നതെന്ന്

വ്യക്തമാണ്. സാമ്പത്തികമായി പിന്നാക്ക വിഭാഗങ്ങളുടെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും പങ്കാളിത്തം താരതമ്യേന കുറവായതിനാൽ ഭാവിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പിൽ കൂടുതൽ ഉൾക്കൊള്ളുന്ന സമീപനം സ്വീകരിക്കേണ്ടതുണ്ട്.

പ്രധാന തൊഴിൽ

ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ & സ്ട്രാറ്റം

പ്രധാന തൊഴിൽ	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
കർഷകത്തൊഴിലാളി	16	2	0	0	18
കാർഷികേതര തൊഴിലാളി	4	0	0	0	4
കാർഷികേതരം	7	2	0	0	9
കൃഷി	36	37	10	0	83
മറ്റുള്ളവ	0	1	0	0	1



ഗുണഭോക്താക്കളിൽ 83 പേർ (72.17%) പ്രധാന തൊഴിലായി കൃഷി ചെയ്യുന്നു. 18 പേർ (15.65%) കർഷകത്തൊഴിലാളികളും, 9 പേർ (7.83%) കാർഷികേതര തൊഴിലുകളിലും, 4 പേർ (3.48%) കാർഷികേതര തൊഴിലാളികളായും പ്രവർത്തിക്കുന്നു. 1 ഗുണഭോക്താവ് (0.87%) മറ്റ് തൊഴിലുകളാണ് ചെയ്യുന്നത്.

സ്ട്രാറ്റം അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നവരിൽ സ്ട്രാറ്റം 1ൽ 36 പേരും, സ്ട്രാറ്റം2ൽ 37 പേരും, സ്ട്രാറ്റം3ൽ 10 പേരുമാണ്. ഇതിലൂടെ പഠന പ്രദേശം പ്രധാനമായും കാർഷിക മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ സമ്പദ് വ്യവസ്ഥയാണെന്ന് വ്യക്തമാക്കുന്നു.

അനുബന്ധ തൊഴിൽ

ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ

അനുബന്ധ തൊഴിൽ	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
അനുബന്ധ തൊഴിൽ ഇല്ല	21	26	4		51
കൃഷി	26	5			31
പശു വളർത്തൽ	14	8	5		27
ആടു വളർത്തൽ	3	2			5
കോഴി വളർത്തൽ	7	6	2		15
പോത്തു വളർത്തൽ	1				1
മറ്റുള്ളവ	2	2			4
കൃഷി, പശു വളർത്തൽ	1	1			2
കൃഷി, ആടു വളർത്തൽ	2				2
കൃഷി, കോഴി വളർത്തൽ	1	2			3
കൃഷി, മീൻ വളർത്തൽ	2				2
കൃഷി, പശു വളർത്തൽ, കോഴി വളർത്തൽ		1			1

പ്രധാന തൊഴിലിന് പുറമെ 64 പേർ (55.65%) വിവിധ അനുബന്ധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നപ്പോൾ 51 പേർ (44.35%) അനുബന്ധ തൊഴിൽ ചെയ്യുന്നില്ല.

അനുബന്ധ തൊഴിൽ ചെയ്യുന്നവരിൽ:

- ♦ കൃഷി — 31 പേർ (26.96%)
- ♦ പശുവളർത്തൽ — 27 പേർ (23.48%)
- ♦ കോഴിവളർത്തൽ — 15 പേർ (13.04%)
- ♦ ആടുവളർത്തൽ — 5 പേർ (4.35%)
- ♦ പോത്തുവളർത്തൽ — 1 പേർ (0.87%)
- ♦ മറ്റുള്ളവ — 4 പേർ (3.48%)

കൂടാതെ ചില ഗുണഭോക്താക്കൾ കൃഷി + പശുവളർത്തൽ, കൃഷി + ആടുവളർത്തൽ, കൃഷി + കോഴിവളർത്തൽ, കൃഷി + മീൻവളർത്തൽ, കൃഷി + പശുവളർത്തൽ + കോഴിവളർത്തൽ തുടങ്ങിയ സംയോജിത കാർഷിക രീതികളും പിന്തുടരുന്നുണ്ട്. ഇത് വരുമാന വൈവിധ്യ വൽക്കരണത്തിനുള്ള പ്രവണതയെ സൂചിപ്പിക്കുന്നു.

താമസസ്ഥിതി:

സർവേയിൽ ഉൾപ്പെട്ട 113 ഗുണഭോക്താക്കൾ (98.26%) പദ്ധതി നടപ്പിലാക്കിയ പ്രദേശത്തിനകത്ത് സ്ഥിരതാമസക്കാരാണ്. 2 പേർ (1.74%) മാത്രമാണ് പദ്ധതി പ്രദേശത്തിന് പുറത്താണ് താമസിക്കുന്നത്.

ഇത് പദ്ധതി യഥാർത്ഥ പ്രദേശവാസികളിലേക്ക് ഫലപ്രദമായി എത്തിച്ചേർന്നിട്ടുണ്ടെന്നും, നിർമ്മിച്ച മണ്ണ്ജല സംരക്ഷണ ഘടകങ്ങളുടെ ദീർഘകാല പരിപാലനത്തിനും ഇത് അനുകൂലമാണെന്നും സൂചിപ്പിക്കുന്നു.

പദ്ധതി നടപ്പാക്കൽ:

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സ്കീമുകൾ പരിശോധിക്കുമ്പോൾ 132 പ്രവർത്തനങ്ങളിൽ 131 എണ്ണം (99.24%) MGNREGS മുഖേനയും 1 പ്രവർത്തനം (0.76%) മാത്രം സ്വന്തം നിലയിലുമാണ് നടപ്പിലാക്കിയിരിക്കുന്നത്.

സ്ട്രാറ്റം അടിസ്ഥാനത്തിൽ:

- സ്ട്രാറ്റം 1 : 68 പ്രവർത്തനങ്ങൾ
- സ്ട്രാറ്റം 2 : 52 പ്രവർത്തനങ്ങൾ (51 MGNREGS + 1 സ്വന്തം)
- സ്ട്രാറ്റം 3 : 12 പ്രവർത്തനങ്ങൾ
- സ്ട്രാറ്റം 4 : പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ഈ കണക്കുകൾ പ്രകാരം മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വിജയകരമായ നടപ്പാക്കലിൽ MGNREGS നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. തൊഴിൽസൃഷ്ടിയും പ്രകൃതി വിഭവ സംരക്ഷണവും ഒരേസമയം ലക്ഷ്യമിടുന്ന പദ്ധതിയായി MGNREGS ഫലപ്രദമായി ഉപയോഗിക്കപ്പെട്ടതായി ഈ പഠനം വ്യക്തമാക്കുന്നു.

അധ്യായത്തിന്റെ സംഗ്രഹം:

മേൽ സൂചിപ്പിച്ച വിവരങ്ങളുടെ സംയോജിത വിശകലനം പ്രകാരം പഠന പ്രദേശം കാർഷികാധിഷ്ഠിത ഗ്രാമീണ മേഖലയാണെന്ന് വ്യക്തമാണ്. ഗുണഭോക്താക്കളിൽ ഭൂരിഭാഗവും APL വിഭാഗത്തിൽപ്പെട്ട പൊതുവിഭാഗക്കാരും കൃഷിയെ പ്രധാന തൊഴിലാക്കിയവരുമാണ്. പകുതിയിലധികം പേർ അനുബന്ധ തൊഴിലുകളിലൂടെ അധികവരുമാനം കണ്ടെത്തുന്നുണ്ട്. ഗുണഭോക്താക്കളിൽ 98.26 ശതമാനം പേരും പദ്ധതി പ്രദേശത്തിനകത്ത് താമസിക്കുന്നവരാണ്, കൂടാതെ 99.24 ശതമാനം മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളും MGNREGS മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ പദ്ധതി പ്രാദേശിക കാർഷിക സമൂഹത്തിൽ ഫലപ്രദമായി നടപ്പിലാക്കപ്പെട്ടതും MGNREGS പദ്ധതിയുടെ പിന്തുണ അതിന്റെ വിജയത്തിൽ പ്രധാന ഘടകമായിരുന്നുവെന്നും വിലയിരുത്താൻ കഴിയും.

അധ്യായം 3

മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

ആമുഖം

മണ്ണ് - ജല സംരക്ഷണ പദ്ധതികളുടെ പ്രധാന ലക്ഷ്യം മണ്ണൊലിപ്പ് തടയുക, മഴവെള്ളം പരമാവധി ഭൂമിയിലേക്ക് ഇറക്കിവിടുക, ഭൂഗർഭജല ലഭ്യത വർധിപ്പിക്കുക, കാർഷിക ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ്. ഈ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയിലൂടെ നടപ്പിലാക്കിയ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളുടെ സ്വഭാവം, വ്യാപ്തി, വിസ്തൃതി, ചെലവ്, പദ്ധതി മുൻപും ശേഷവും ഉണ്ടായ മാറ്റങ്ങൾ എന്നിവ സമഗ്രമായി വിലയിരുത്തിയിരിക്കുന്നു.

പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രധാന മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ :

സർവേ പ്രകാരം പദ്ധതിയിലൂടെ ആകെ 132 മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ മണ്ണുകയ്യാല നിർമ്മാണം 107 (81.06%) എന്ന ഉയർന്ന വിഹിതമാണ് രേഖപ്പെടുത്തിയത്. തുടർന്ന് തീറ്റപ്പുൽ വെച്ച് പിടിപ്പിക്കൽ 11 (8.33%), കുള നിർമ്മാണം 10 (7.58%), മഴക്കുഴി 1 (0.76%), ടെറസിംഗ് 1 (0.76%), തെങ്ങിൻതടം 1 (0.76%), നീർക്കുഴി പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. 1 (0.76%) എന്നിങ്ങനെയാണ്.

പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാന രീതി (എണ്ണം)

പ്രധാന രീതി	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
മഴക്കുഴി	0	1	0	0	1
ടെറസിംഗ്	0	1	0	0	1
മണ്ണ് കയ്യാല	60	39	8	0	107
കുളത്തിന്റെ നിർമ്മാണം	3	6	1	0	10
തീറ്റപ്പുൽ വെച്ച് പിടിപ്പിക്കൽ	4	4	3	0	11
തെങ്ങിൻതടം	0	1	0	0	1
നീർക്കുഴി	1	0	0	0	1
ആകെ	68	52	12	0	132



സ്ട്രാറ്റം അടിസ്ഥാനത്തിൽ മണ്ണുകയ്യാല നിർമ്മാണം സ്ട്രാറ്റം1ൽ 60, സ്ട്രാറ്റം 2 ൽ 39, സ്ട്രാറ്റം 3 ൽ 8 എന്നിങ്ങനെ വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത് പഠന പ്രദേശത്ത് മണ്ണൊലിപ്പ് നിയന്ത്രിക്കുന്നതിന് ഏറ്റവും അനുയോജ്യമായ സാങ്കേതിക വിദ്യയായി മണ്ണുകയ്യാല നിർമ്മാണം സ്വീകരിച്ചതായി വ്യക്തമാക്കുന്നു.

പദ്ധതി മുൻപും ശേഷവും മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളിലെ മാറ്റം:

പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ വളരെ പരിമിതമായിരുന്നു. ആകെ 15 പ്രവർത്തനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ടെറസിംഗ് 10, കുള നിർമ്മാണം 3, പാർശ്വഭിത്തി നിർമ്മാണം 1, തെങ്ങിൻതടം 1 എന്നിവ ഉൾപ്പെടുന്നു.

പദ്ധതിക്ക് മുൻപ്

പ്രധാനരീതി	സ്കീം (എണ്ണം)		
	RIDF	സ്വന്തം നിലയിൽ	ആകെ
ടെറസിംഗ്	0	10	10
പാർശ്വഭിത്തി നിർമ്മാണം	1	0	1
കുളത്തിന്റെ നിർമ്മാണം	0	3	3
തെങ്ങിൻതടം	0	1	1
ആകെ	1	14	15

പദ്ധതിയിലൂടെ

പ്രധാനരീതി	സ്കീം(എണ്ണം)		
	MGNREGS	സ്വന്തം നിലയിൽ	ആകെ
കുളത്തിന്റെ നിർമ്മാണം	10		10
ടെറസിംഗ്		1	1
തീറ്റപ്പുൽ വെച്ച് പിടിപ്പിക്കൽ	11		11
തെങ്ങിൻതടം	1		1
നീർകുഴി	1		1
മണ്ണ് കയ്യാല	107		107
മഴക്കുഴി	1		1
ആകെ	131	1	132

പദ്ധതിക്ക് ശേഷം

പ്രധാനരീതി	സ്കീം (എണ്ണം)	
	സ്വന്തം നിലയിൽ	ആകെ
തെങ്ങിൻതടം	1	1
മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം	1	1
ആകെ	2	2

പദ്ധതി നടപ്പാക്കിയതോടെ പ്രവർത്തനങ്ങളുടെ എണ്ണം 132 ആയി വർധിച്ചു. ഇതിൽ 131 പ്രവർത്തനങ്ങൾ MGNREGS മുഖേനയും 1 പ്രവർത്തനം ഗുണഭോക്താവ് സ്വന്തം നിലയിലും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയായതിന് ശേഷവും ചില ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ തെങ്ങിൻതടം (1), മേൽക്കൂര മഴവെള്ള സംഭരണ സംവിധാനം (1) എന്നിവ സ്ഥാപിച്ചതായി കണ്ടെത്തി.

ഈ കണ്ടെത്തൽ പദ്ധതിയിലൂടെ ഗുണഭോക്താക്കളിൽ മണ്ണ്ജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വർധിക്കുകയും അവർ സ്വന്തം നിലയിലും സംരക്ഷണ പ്രവർത്തനങ്ങൾ തുടരാൻ തയ്യാറാകുകയും ചെയ്തതായി സൂചിപ്പിക്കുന്നു.

<u>പ്രവർത്തനങ്ങളുടെ വ്യാപ്തി:</u>
പദ്ധതിക്ക് മുമ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ആകെ അളവ് പരിമിതമായിരുന്നു. ടെറസിംഗ് 805 ചതുരശ്ര മീറ്റർ, പാർശ്വഭിത്തി 10 മീറ്റർ, കുളങ്ങൾ 3, തെങ്ങിൻതടം 32 എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

<u>പദ്ധതിയിലൂടെ ഇത് ഗണ്യമായി വർധിച്ചു. നടപ്പിലാക്കിയ പ്രവർത്തനങ്ങളിൽ:</u>

മണ്ണുകയ്യാല - 10,956 മീറ്റർ
തീറ്റപ്പുൽ വെച്ച് പിടിപ്പിക്കൽ - 549 മീറ്റർ
മഴക്കുഴികൾ - 80
തെങ്ങിൻതടം - 50
നീർക്കുഴികൾ - 20
കുളങ്ങൾ - 10
ടെറസിംഗ് - 35 ചതുരശ്ര മീറ്റർ

പദ്ധതി പൂർത്തിയായതിന് ശേഷം ഗുണഭോക്താക്കൾ സ്വന്തം നിലയിൽ 75 തെങ്ങിൻതടങ്ങളും 1 മേൽക്കൂര മഴവെള്ള സംഭരണ സംവിധാനവും നിർമ്മിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിവരങ്ങൾ പ്രകാരം പദ്ധതിയിലൂടെ മണ്ണ്ജല സംരക്ഷണ അടിസ്ഥാനസൗകര്യങ്ങൾ ഗണ്യമായി വികസിപ്പിക്കാൻ സാധിച്ചതായി വിലയിരുത്താം.

<u>മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങളുടെ സാമ്പത്തിക വിശകലനം</u>

പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി ആകെ 2,38,000 രൂപ ചെലവഴിച്ചിരുന്നു. ഇതിൽ 2,26,000 രൂപ ഗുണഭോക്താക്കളുടെ സ്വന്തം നിക്ഷേപവും 12,000 രൂപ RIDF പദ്ധതിയിലൂടെയുമായിരുന്നു.

പദ്ധതി നടപ്പിലാക്കിയതോടെ ആകെ ചെലവ് 3,61,328 രൂപ ആയി. ഇതിൽ:

- MGNREGS 3,49,328 രൂപ (96.68%)
- ഗുണഭോക്താക്കളുടെ സ്വന്തം വിഹിതം 12,000 രൂപ (3.32%)

പദ്ധതി പൂർത്തിയായതിന് ശേഷം ഗുണഭോക്താക്കൾ സ്വന്തം നിലയിൽ 21,500 രൂപ ചെലവഴിച്ച് അധിക മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിൽ തെങ്ങിൻതടത്തിന് 3,500 രൂപയും മേൽക്കൂര മഴവെള്ള സംഭരണ സംവിധാനത്തിന് 18,000 രൂപയും ചെലവഴിച്ചു.

ഈ കണക്കുകൾ സർക്കാർ ധനസഹായത്തിന്റെ ശക്തമായ പിന്തുണയോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്നും, അതോടൊപ്പം ഗുണഭോക്താക്കളുടെ പങ്കാളിത്തവും നിലനിന്നിരുന്നുവെന്നും വ്യക്തമാക്കുന്നു.

സംയോജിത വിലയിരുത്തൽ

മുകളിൽ സൂചിപ്പിച്ച വിവരങ്ങളുടെ സംയോജിത വിശകലനം പ്രകാരം മണ്ണ് ജല സംരക്ഷണ പദ്ധതിയിലൂടെ പഠന പ്രദേശത്ത് ഗണ്യമായ അടിസ്ഥാനസൗകര്യ വികസനം സാധ്യമായിട്ടുണ്ട്. പദ്ധതിക്ക് മുമ്പ് വളരെ കുറച്ച് സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പദ്ധതിയിലൂടെ 132 സംരക്ഷണ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കുകയും അതിൽ ഭൂരിഭാഗവും മണ്ണുകയ്യാല നിർമ്മാണം കേന്ദ്രീകരിച്ചാവുകയും ചെയ്തു.

ഉണ്ടായ വർധന പ്രവർത്തനങ്ങളുടെ എണ്ണം, വിസ്തൃതി, സാമ്പത്തിക നിക്ഷേപം എന്നിവയിൽ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയതായി തെളിയിക്കുന്നു. പ്രത്യേകിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ പിന്തുണയാണ് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ വ്യാപനത്തിൽ നിർണായക പങ്കുവഹിച്ചത്. പദ്ധതിക്ക് ശേഷവും ഗുണഭോക്താക്കൾ സ്വന്തം ചെലവിൽ സംരക്ഷണ പ്രവർത്തനങ്ങൾ തുടരുന്നത് പദ്ധതിയുടെ ദീർഘകാല സ്വാധീനത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും വ്യക്തമായ സൂചനയാണ്.

കാർഷിക ഈ അധ്യായത്തിലെ കണ്ടെത്തലുകൾ പ്രകാരം മണ്ണ് ജല സംരക്ഷണ പദ്ധതി മണ്ണൊലിപ്പ് നിയന്ത്രണം, ജലസംരക്ഷണം, അടിസ്ഥാനസൗകര്യ വികസനം എന്നിവയിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്താം.

അധ്യായം 4

ഭൂവിനിയോഗം, ജലസേചനം, കാർഷിക വികസനം

ആമുഖം

ലക്ഷ്യങ്ങളിലൊന്ന് കാർഷിക മണ്ണ്ജല സംരക്ഷണ പദ്ധതികളുടെ പ്രധാന ഉൽപ്പാദനക്ഷമത വർധിപ്പിക്കുകയും ഭൂമിയുടെ ഉൽപ്പാദനശേഷി മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. മണ്ണിലെ ഈർപ്പം നിലനിർത്തുക, മഴവെള്ളം ഭൂഗർഭത്തിലേക്ക് ഇറക്കിവിടുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, കൃഷിഭൂമി സംരക്ഷിക്കുക എന്നിവയിലൂടെ കാർഷിക മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ ഇത്തരം പദ്ധതികൾ സഹായിക്കുന്നു. മുകളിൽ സൂചിപ്പിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗം, ജലസേചന സ്ഥിതി, വിളവിസ്തൃതി, ദീർഘകാലഹ്രസ്വകാല വിളകളിലെ മാറ്റങ്ങൾ, കാർഷിക ഉൽപ്പാദനം എന്നിവയുടെ സ്വാധീനം ഈ അധ്യായത്തിൽ വിലയിരുത്തുന്നു.

ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ:

പദ്ധതിക്ക് മുമ്പ് ആകെ 13,157 സെന്റ് ഭൂമിയിൽ 12,147 സെന്റ് (92.32%) കൃഷി ചെയ്തിരുന്നു. പദ്ധതി നടപ്പിലാക്കിയതിന് ശേഷം ഇത് 12,219 സെന്റായി വർധിച്ചു. അതായത് 72 സെന്റ് അധിക ഭൂമി കൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചു.

ഭൂവിനിയോഗ രീതി

ഭൂവിനിയോഗ രീതി	പദ്ധതിക്കു മുൻപ് വിസ്തൃതി(സെന്റിൽ)	പദ്ധതിക്കു ശേഷം വിസ്തൃതി(സെന്റിൽ)
കൃഷിചെയ്യുന്ന സ്ഥലം	**12147**	**12219**
കൃഷി ചെയ്യാത്ത സ്ഥലം	**181**	**101**
കൃഷിക്ക് ഉപയുക്തമല്ലാത്തത്	**829**	**837**
ആകെ	**13157**	**13157**

പദ്ധതിക്കു മുൻപ്



പദ്ധതിക്കു ശേഷം



അതേസമയം, കൃഷി ചെയ്യാത്ത ഭൂമി 181 സെന്റിൽ നിന്ന് 101 സെന്റായി കുറഞ്ഞു. ഇത് 80 സെന്റ് ഭൂമി വീണ്ടും കാർഷിക ഉപയോഗത്തിലേക്ക് തിരിച്ചെത്തിയതായി വ്യക്തമാക്കുന്നു.

കൃഷിക്ക് അനുയോജ്യമല്ലാത്ത ഭൂമി 829 സെന്ററിൽ നിന്ന് 837 സെന്റായി നേരിയ വർധന രേഖപ്പെടുത്തിയെങ്കിലും ആകെ ഭൂവിനിയോഗത്തിൽ കൃഷിഭൂമിയുടെ വിഹിതം വർധിച്ചതാണ് പ്രധാന നേട്ടം.

ഈ കണ്ടെത്തൽ മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ കൃഷിയോഗ്യ ഭൂമിയുടെ ഉപയോഗം വർധിപ്പിക്കുന്നതിൽ ഫലപ്രദമായിരുന്നുവെന്ന് തെളിയിക്കുന്നു.

ജലസേചനത്തിലെ പുരോഗതി

പദ്ധതിക്ക് മുമ്പ് 2,661 സെന്റ് ഭൂമിക്ക് മാത്രമാണ് ജലസേചന സൗകര്യം ലഭ്യമായിരുന്നത്. പദ്ധതി നടപ്പിലാക്കിയതിന് ശേഷം ഇത് 3,526 സെന്റായി ഉയർന്നു. അതായത് 865 സെന്റ് അധിക ഭൂമിക്ക് ജലസേചന സൗകര്യം ലഭിച്ചു.

അതേസമയം, ജലസേചന സൗകര്യമില്ലാത്ത ഭൂമി 9,486 സെന്റിൽ നിന്ന് 8,693 സെന്ററായി കുറഞ്ഞു.

ജലസേചനസ്ഥിതി

ജലസേചനസ്ഥിതി	പദ്ധതിക്കു മുൻപ്	പദ്ധതിക്കു ശേഷം
	വിസ്തൃതി(സെന്റിൽ)	വിസ്തൃതി(സെന്റിൽ)
ജലസേചനമുള്ളത്	**2661**	**3526**
ജലസേചനമില്ലാത്തത്	**9486**	**8693**
ആകെ ഭൂമി	**12147**	**12219**
ജലസേചനമാർഗ്ഗം	എണ്ണം	എണ്ണം
കുളം	**7**	**12**
കിണർ	**21**	**18**
തോട്	**2**	**1**
പൈപ്പ്	**4**	**5**
കനാൽ	**1**	**1**
പുഴ	**1**	**1**
ഇല്ല	**78**	**76**
മറ്റുള്ളവ	**1**	**1**





<u>ജലസ്രോതസ്സുകളിൽ വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്.</u>

- കുളങ്ങളുടെ എണ്ണം 7 - ൽ നിന്ന് 12 ആയി വർധിച്ചു.
- പൈപ്പ് ജലസേചന സംവിധാനം 4 - ൽ നിന്ന് 5 ആയി ഉയർന്നു.
- കിണറുകളുടെ എണ്ണം 21 - ൽ നിന്ന് 18 ആയി കുറഞ്ഞെങ്കിലും മറ്റ് ജലസ്രോതസ്സുകളുടെ വികസനം ജലലഭ്യത വർധിപ്പിക്കാൻ സഹായിച്ചു.
- ജലസേചന സൗകര്യമില്ലാത്തവരുടെ എണ്ണം 78 - ൽ നിന്ന് 76 ആയി കുറഞ്ഞു.

ഈ വിവരങ്ങൾ പ്രകാരം പദ്ധതിയിലൂടെ ജലസേചന സൗകര്യങ്ങൾ ഗണ്യമായി മെച്ചപ്പെട്ടതായി വിലയിരുത്താം.

കൃഷി ചെയ്യാത്തതിനുള്ള കാരണങ്ങൾ:

സർവേ പ്രകാരം കൃഷി ചെയ്യാത്തതിന് പ്രധാന കാരണം ആദായക്കുറവ് (1 ഗുണഭോക്താവ്), മറ്റ് വ്യക്തിഗത കാരണങ്ങൾ (2 ഗുണഭോക്താക്കൾ) എന്നിവയാണ്. 112 ഗുണഭോക്താക്കൾക്ക് ഈ ചോദ്യം ബാധകമല്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മണ്ണിന്റെ ഗുണനിലവാരമോ ജലലഭ്യതക്കുറവോ പ്രധാന തടസ്സങ്ങളായി രേഖപ്പെടുത്തിയിട്ടില്ലെന്നത് മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ ഭൂമിയുടെ ഉപയോഗക്ഷമത മെച്ചപ്പെടുത്തിയതായി സൂചിപ്പിക്കുന്നു.

ഹ്രസ്വകാല വിളകളിലെ മാറ്റങ്ങൾ:

ഹ്രസ്വകാല വിളകളുടെ വിസ്തൃതിയിൽ പൊതുവെ വർധന രേഖപ്പെടുത്തി.

- ഇഞ്ചി 161.4 →168.4 സെന്റ്
- ഏത്തവാഴ 139 →230 സെന്റ്
- ചീര 10.6 → 15.8 സെന്റ്
- ചേമ്പ് 4.8 → 5.8 സെന്റ്
- പച്ചമുളക് 7.9 → 8.9 സെന്റ്
- മഞ്ഞൾ 21.7 → 22.7 സെന്റ്
- പാഷൻ ഫ്രൂട്ട് 5 → 6 സെന്റ്
- വാഴയുടെ കുഴികൾ 754 → 838

വിളവിസ്തൃതി

ഹ്രസ്വകാലവിളകൾ	പദ്ധതിക്കു മുൻപ് വിസ്തൃതി(സെന്റിൽ)	പദ്ധതിക്കു ശേഷം വിസ്തൃതി(സെന്റിൽ)
ഇഞ്ചി	161.4	168.4
ഏത്തവാഴ	139	230
കാബേജ്	2	2.5
കുമ്പളങ്ങ	1	1
കോവക്ക	0.7	0.7
ചീര	10.6	15.8
ചേന	3.3	3.3
ചേമ്പ്	4.8	5.8
തക്കാളി	6.6	6.6
നെല്ല്	480	185
പച്ചമുളക്	7.9	8.9
പാവൽ	3.7	3.7
പാഷൻ ഫ്രൂട്ട്	5	6
പൈനാപ്പിൾ	2	2
മഞ്ഞൾ	21.7	22.7
മത്തൻ	3.7	3.7
മരച്ചീനി	117	117
വള്ളിപ്പയർ	12.8	12.8
വഴുതന	6.2	6.2
വാഴ (കുഴികളുടെ എണ്ണം)	754	838

എന്നാൽ നെൽകൃഷിയുടെ വിസ്തൃതി 480 സെന്റിൽ നിന്ന് 185 സെന്റായി കുറഞ്ഞു. ഇത് പ്രദേശത്തെ വിളമാറ്റ പ്രവണതയും കൂടുതൽ ലാഭകരമായ തോട്ടവിളകളിലേക്കുള്ള മാറലും സൂചിപ്പിക്കുന്നു.

ദീർഘകാല വിളകളിലെ മാറ്റങ്ങൾ

ദീർഘകാല വിളകളിലും നിരവധി അനുകൂല മാറ്റങ്ങൾ രേഖപ്പെടുത്തി.

- തെങ്ങ് കായ്ക്കുന്ന മരങ്ങൾ 1411 → 1428
- ജാതി 49 → 53
- പപ്പായ 40 → 44
- പ്ലാവ് 807 → 810
- റബ്ബർ 1105 → 1170 സെന്റ്
- കാലിത്തീറ്റപ്പുല്ല് 210 → 898 സെന്റ്
- ബട്ടർ ഫ്രൂട്ട് (അവക്കാഡോ) 27 → 82 സെന്റ്
- റംബൂട്ടാൻ 6 → 8 സെന്റ്

വിളവിസ്തൃതി (എണ്ണം/വിസ്തൃതി)

ദീർഘകാലവിളകൾ	പദ്ധതിക്കുമുൻപ്		പദ്ധതിക്കുശേഷം	
	കായ്ച്ചത്	കായ്ക്കാത്തത്	കായ്ച്ചത്	കായ്ക്കാത്തത്
ആഞ്ഞിലി (സെന്റിൽ)	37	1	37	1
ഏലം (സെന്റിൽ)	73	0	73	0
ഓറഞ്ച്(കി .ഗ്രാം)	5	0	5	0
കട പ്ലാവ് (കി .ഗ്രാം)	2	0	2	0
കമുക് (എണ്ണം)	9985	618	9711	810
കശുമാവ് (എണ്ണം)	1	0	1	0
കാപ്പി (സെന്റിൽ)	7996	186	7826	458
കാലിത്തീറ്റപ്പുല്ല് (സെന്റിൽ)	210	25	898	30
കുടംപുളി (സെന്റിൽ)	22	0	22	0
കുരുമുളക് (എണ്ണം)	1559	217	1442	295
കൊക്കോ (എണ്ണം)	38	13	9	10
ഗ്രാമ്പൂ (കി.ഗ്രാം)	5	0	5	0
ചാമ്പ(സെന്റിൽ)	3	0	3	0
ചെറുനാരകം(കി .ഗ്രാം)	7	0	7	0
ജാതി (എണ്ണം)	49	13	53	10
തെങ്ങ് (എണ്ണം)	1411	225	1428	213
തേക്ക് (സെന്റിൽ)	36	0	36	0
പപ്പായ (എണ്ണം)	40	5	44	5
പുളി (എണ്ണം)	2	0	2	0
പേര(സെന്റിൽ)	11	0	11	0
പ്ലാവ് (എണ്ണം)	807	199	810	203
ബട്ടർ ഫ്രൂട്ട്/അവക്കാഡോ(സെന്റിൽ)	27	58	82	54
മറ്റു വൃക്ഷങ്ങൾ(സെന്റിൽ)	587	56	587	56
മഹാഗണി (സെന്റിൽ)	12	0	12	4
മാങ്കോസ്റ്റിൻ(കി .ഗ്രാം)	5	0	5	0
മാവ് (എണ്ണം)	336	85	334	88
മുട്ടപ്പഴം(കി .ഗ്രാം)	3	0	3	0
മുരിങ്ങ (എണ്ണം)	8	2	9	1
റംബൂട്ടാൻ (സെന്റിൽ)	6	2	8	1
റബ്ബർ (സെന്റിൽ)	1105	115	1170	165
സപ്പോട്ട(കി .ഗ്രാം)	14	1	15	0

അതേസമയം, കാപ്പി, കമുക്, കുരുമുളക് തുടങ്ങിയ ചില വിളകളിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും മൊത്തത്തിൽ ദീർഘകാല വിളകളുടെ വൈവിധ്യവും വ്യാപ്തിയും വർധിച്ചതായി കാണുന്നു.

കാർഷിക ഉൽപ്പാദനത്തിലെ മാറ്റങ്ങൾ

മണ്ണ് - ജല സംരക്ഷണ പദ്ധതിയുടെ ഫലമായി നിരവധി വിളകളുടെ ഉൽപ്പാദനം വർധിച്ചിട്ടുണ്ട്.

പ്രധാന വർധനകൾ:

- ഇഞ്ചി 3600 → 4260 കിലോഗ്രാം
- ഏത്തപ്പഴം 10,280 → 16,810 കിലോഗ്രാം
- കാപ്പിക്കുരു 59,280 → 62,843 കിലോഗ്രാം
- കാലിത്തീറ്റപ്പുല്ല് 6,170 → 37,370 കിലോഗ്രാം
- ചീര 1,340 → 1,775 കിലോഗ്രാം
- തക്കാളി 362 → 546 കിലോഗ്രാം
- തേങ്ങ 59,902 → 63,705 എണ്ണം
- ബട്ടർ ഫ്രൂട്ട് 1,535 → 2,965 കിലോഗ്രാം
- വാഴപ്പഴം 8,456 → 9,276 കിലോഗ്രാം
- സപ്പോട്ട 470 → 603 കിലോഗ്രാം

ഉൽപാദനം(എണ്ണം/കി.ഗ്രാം)

ദീർഘകാലവിളകൾ/ഹ്രസ്വ കാലവിളകൾ	പദ്ധതിക്കുമുൻപ്	പദ്ധതിക്കുശേഷം
	അളവ്	അളവ്
അടയ്ക്ക (എണ്ണം)	**1272178**	**1200770**
ഇഞ്ചി (കി.ഗ്രാം)	**3600**	**4260**
ഏത്തപ്പഴം (കി.ഗ്രാം)	**10280**	**16810**
ഏലം (കി.ഗ്രാം)	**107**	**108**
ഓറഞ്ച്(കി .ഗ്രാം)	**195**	**200**
കട ചക്ക (കി .ഗ്രാം)	**400**	**450**
കശുവണ്ടി (കി.ഗ്രാം)	**32**	**32**
കാപ്പിക്കുരു (കി.ഗ്രാം)	**59280**	**62843**
കാബേജ്(കി .ഗ്രാം)	**160**	**190**

കാലിത്തീറ്റപ്പുല്ല് (കി.ഗ്രാം)	6170	37370
കുടംപുളി (കി.ഗ്രാം)	988	1066
കുമ്പളങ്ങ (കി.ഗ്രാം)	110	110
കുരുമുളക് (കി.ഗ്രാം)	2241	2101
കൊക്കോ (കി.ഗ്രാം)	630	320
കോവക്ക (കി.ഗ്രാം)	116	126
ഗ്രാമ്പൂ (കി.ഗ്രാം)	3.4	3.5
ചക്ക (കി.ഗ്രാം)	24520	24716
ചാമ്പ (കി .ഗ്രാം)	75	75
ചീര (കി.ഗ്രാം)	1340	1775
ചെറുനാരകം(കി .ഗ്രാം)	250	265
ചേന (കി.ഗ്രാം)	230	280
ചേമ്പ് (കി.ഗ്രാം)	288	393
ജാതി (കി.ഗ്രാം)	98	102.5
ജാതിപത്രി (കി.ഗ്രാം)	8.3	8.35
തക്കാളി(കി .ഗ്രാം)	362	546
തേങ്ങ (എണ്ണം)	59902	63705
നെല്ല് (കി.ഗ്രാം)	12560	4050
പച്ചമുളക് (കി.ഗ്രാം)	982	1088
പപ്പായ (കി.ഗ്രാം)	1087	1089
പാവക്ക (കി.ഗ്രാം)	235	264
പാഷൻ ഫ്രൂട്ട് (കി .ഗ്രാം)	525	670
പുളി (കി.ഗ്രാം)	60	60
പേരയ്ക്ക(കി.ഗ്രാം)	244	245
പൈനാപ്പിൾ (കി.ഗ്രാം)	50	50
ബട്ടർ ഫ്രൂട്ട്(കി.ഗ്രാം)	1535	2965
മഞ്ഞൾ (കി.ഗ്രാം)	1114	1184
മത്തൻ (കി.ഗ്രാം)	450	480
മരച്ചീനി (കി.ഗ്രാം)	1840	1900
മാങ്കോസ്റ്റിൻ(കി .ഗ്രാം)	230	230
മാങ്ങ (കി.ഗ്രാം)	7432	7664
മുട്ടപ്പഴം(കി .ഗ്രാം)	260	280
മുരിങ്ങക്കായ (കി.ഗ്രാം)	54	60
റംബൂട്ടാൻ(കി.ഗ്രാം)	70	160
റബ്ബർ (കി.ഗ്രാം)	9478	9674
വള്ളിപ്പയർ (കി. ഗ്രാം)	967	1037
വഴുതന (കി.ഗ്രാം)	512	551
വാഴപ്പഴം (കി.ഗ്രാം)	8456	9276
സപ്പോട്ട(കി .ഗ്രാം)	470	603

എന്നാൽ നെല്ലിന്റെ ഉൽപ്പാദനം 12,560 കിലോഗ്രാമിൽ നിന്ന് 4,050 കിലോഗ്രാമായി കുറഞ്ഞു. കുരുമുളക്, കൊക്കോ തുടങ്ങിയ ചില വിളകളിലും നേരിയ കുറവ് രേഖപ്പെടുത്തി. ഇത് കാലാവസ്ഥ, രോഗബാധ, വിപണി, പ്രവണത, വിളമാറ്റം തുടങ്ങിയ ഘടകങ്ങളുടെ സ്വാധീനമായിരിക്കാം. മൊത്തത്തിൽ, ഭൂരിഭാഗം വാണിജ്യവിളകളിലും തോട്ടവിളകളിലും ഉൽപ്പാദന വർധന ഉണ്ടായതായി ഈ സർവേ വ്യക്തമാക്കുന്നു.

സംയോജിത വിലയിരുത്തൽ

